# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **08-08-2023 - ൽ മറുപടിയ്ക്ക്**

## ജയിലുകളിലേക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് കാലഘട്ടത്തിൽ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷാമിഷനോട് ജയിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ജയിലുകളിൽ മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കുവാൻ സാമൂഹ്യ സുരക്ഷാ മിഷനോട് ജയിൽ വകുപ്പ് രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല. |
| (ബി) | സാമൂഹ്യ സുരക്ഷാമിഷൻ മാസ്ക് നിർമ്മിക്കാനുള്ള തുണി ജയിൽ വകുപ്പിനു നൽകിയിരുന്നോ; എങ്കിൽ എത്ര രൂപയുടെ തുണിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനായി സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 30,000 മീറ്റർ തുണി ജയിൽ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. തുണി വാങ്ങുന്നതിനായി 13,11,023/- (പതിമൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി ഇരുപത്തി മൂന്ന്) രൂപ സാമൂഹ്യ സുരക്ഷാ മിഷൻ ചെലവാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ നൽകിയ തുണി ഉപയോഗിച്ച് പരമാവധി എണ്ണം മാസ്ക് നിർമ്മിച്ച് നൽകുകയാണ് ജയിൽ വകുപ്പ് ചെയ്തിട്ടുള്ളത്. |
| (സി) | സാമൂഹ്യ സുരക്ഷാമിഷൻ മാസ്ക് നിർമ്മിക്കാനുള്ള തുണി ജയിൽ വകുപ്പിന് നൽകിയ വകയിൽ ജയിൽ വകുപ്പ് സാമൂഹ്യ സുരക്ഷാമിഷന് തുക നൽകിയിരുന്നോ; എങ്കിൽ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനായി സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 30,000 മീറ്റർ തുണി ജയിൽ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. തുണി വാങ്ങുന്നതിനായി 13,11,023/- (പതിമൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി ഇരുപത്തി മൂന്ന്) രൂപ സാമൂഹ്യ സുരക്ഷാ മിഷൻ ചെലവാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ നൽകിയ തുണി ഉപയോഗിച്ച് പരമാവധി എണ്ണം മാസ്ക് നിർമ്മിച്ച് നൽകുകയാണ് ജയിൽ വകുപ്പ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ